(ബി) ഈ കാലത്ത് പോലീസ് എത്ര സർവ്വീസ് സംഘടനാ പ്രവർത്തകരുടെ വീട് റെയ്ഡ് ചെയ്തിട്ടുണ്ട്. ആരുടെയെല്ലാം വീടുകളാണ് ഇപ്രകാരം റെയ്ഡ് ചെയ്തിട്ടുള്ളത് ;

(സി) പോലീസ് ഇക്കാലത്ത് റെയ്ഡ് ചെയ്ത ഭവനങ്ങളിൽ ഓരോ രാഷ്ട്രീയ പാർട്ടിയിലുംപ്പെട്ടവരുടെ എത്ര വീടുകൾ വീതം ഉണ്ടെന്ന് പറയാമോ ;

(ഡി) പോലീസ് ഈ കാലത്ത് റെയ്ഡ് ചെയ്ത സർവ്വീസ് സംഘടനാ പ്രവർത്തകരുടെ വീട്ടിൽ നിന്നും ആരെയെല്ലാം അറസ്റ്റ് ചെയ്തെന്ന് പറയുമോ ?

ഉത്തരം

(എ) 1027 രാഷ്ട്രീയ പ്രവർത്തരുടെ ഭവനങ്ങളിൽ പോലീസ് റെയ്ഡ് നടത്തിയിട്ടുണ്ട്. ഇവയിൽ 439 എണ്ണം രാത്രിയിലായിരുന്നു.

(ബി) റെയ്ഡ് നടത്തിയിട്ടില്ല.

(സി)

സി.പി.ഐ (എം)	-	350
ബി.ജെ.പി./ബി.എം.എസ് ആർ.എസ്.എസ്	-	565
കോൺഗ്രസ്. (ഐ)	-	64
സി.പി.ഐ	-	21
ജനതാദൾ	-	6
ഐ.യു.എം.എൽ	-	13
യു.ഡി.എഫ്	-	7
കെ.സി. (എം)	-	1
		1027

(ഡി) 'ബി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

തെരഞ്ഞെടുപ്പ് രംഗത്തെ പ്രശ്നങ്ങൾ

83 (1017) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുപ്പ് സമയത്ത് സംസ്ഥാന അതിർത്തികളിൽ അയൽ സംസ്ഥാനത്ത് നിന്നും ചില ആളുകൾ വന്ന് തെരഞ്ഞെടുപ്പ് രംഗത്ത് പ്രശ്നങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തെരഞ്ഞെടുപ്പു ദിവസം മദ്യവിൽപ്പന നടത്തിയതിനെതിരെ നടപടി

84 (1018) ശ്രീ. ഇസഹാക് കുരിക്കൾ :

ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പ് ദിവസം മലപ്പുറം ജില്ലയിൽ മദ്യ വിൽപ്പന നടത്തിയതിനെതിരെ നടപടിയുണ്ടായോ എന്നറിയിക്കുമോ ;

(ബി) അനധികൃതമായി മദ്യ വില്പന നടത്തിയതിന് അരിക്കോട് നിന്നും ആരെയെങ്കിലും അറസ്റ്റ് ചെയ്തിരുന്നുവോ ;

(സി) മദ്യവില്പന നിരോധിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ ഉത്തരവ് നില വിലുണ്ടായിരുന്നോ ;

(ഡി) നിരോധനം ലംഘിച്ച് അറസ്റ്റ് ചെയ്യപ്പെട്ടവർ ആരെല്ലാം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു

(സി) ഉണ്ടായിരുന്നു

(ഡി) വിവരം ശേഖരിച്ചു വരുന്നു.

ശശീന്ദ്രൻ മരണപ്പെട്ടത് സംബന്ധിച്ച പരാതി

85 (1019) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കാനാട് ദേശത്ത് പുതിയാണ്ടി ശശീന്ദ്രൻ 4-2-1997-ൽ സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെട്ടത് സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) അതിന് ഉത്തരവാദികളായ ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly